ഉത്തരം

(എ) ഇക്കാര്യം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി പരിശോധിച്ചുവരുന്നു.

(ബി) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 72(2) പ്രകാരം പൊതുസുരക്ഷ, റോഡ് സുരക്ഷ, പരിസ്ഥിതി മലിനീകരണം, വാഹന സുരക്ഷ, അപകട നിയന്ത്രണം എന്നിവ ലക്ഷ്യമാക്കി പഴയ വാഹനങ്ങൾ കാലപ്പഴക്കം കാരണം റോഡിൽ ഇറക്കാൻ യോഗ്യമായവ അല്ല എന്ന കണ്ടെത്തലിന്റേയും അത്തരം വാഹനങ്ങൾ കൂടുതൽ അപകടങ്ങളും പരിസ്ഥിതി മലിനീകരണവും ഉണ്ടാക്കുന്നു എന്നതിന്റേയും അടിസ്ഥാനത്തിലും പുതിയ വാഹനങ്ങൾ സാങ്കേതികമായി കൂടുതൽ വിശ്വസനീയവും മേന്മയുള്ളതുമാണെന്ന് മനസ്സിലാക്കിയതിന്റേയും അടിസ്ഥാനത്തിലാണ് 20-3-2001-ൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി പഴയ വാഹനങ്ങളുടെ പ്രായപരിധി 15 വർഷമായി നിജപ്പെടുത്തി തീരുമാനമെടുത്തത്.

(സി) കാലാവധി കൂട്ടാൻ തീരുമാനിച്ചിട്ടില്ല.

കെ.എസ്.ആർ.ടി.സി. യാത്രാപാസ്

241 (7804) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ ഏതെല്ലാം തരത്തിലുള്ള സൗജന്യ യാത്രാ പാസ്സുകളാണ് നിലവിൽ നൽകിവരുന്നത് ; ഓരോന്നിന്റെയും പ്രത്യേകതകൾ വിശദമാക്കുമോ ;

(ബി) എല്ലാ വിഭാഗങ്ങൾക്കുംകൂടി നൽകിയിട്ടുള്ള പാസ്സുകളുടെ എണ്ണം ഓരോ വിഭാഗം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഒരേസമയം യാത്രാപാസ്സും ഔദ്യോഗിക വാഹനവും ഉപയോഗിക്കുന്ന എത്ര ജീവനക്കാർ കെ.എസ്.ആർ.ടി.സി.യിലുണ്ട് ; വിശദവിവരം നൽകാമോ ;

(ഡി) ഡ്യൂട്ടിക്ക് വരുന്നതിനും മടക്കയാത്രയ്ക്കും പാസ്സുള്ളവരെല്ലാം പാസഞ്ചർ വാഹനംമാത്രം ഉപയോഗപ്പെടുത്തുന്നതിനും പാസഞ്ചർ ഇതര കെ.എസ്.ആർ.ടി.സി. വാഹനം ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 1. വികലാംഗർ :- 40%-ൽ കൂടുതൽ സ്ഥിരമായ അസ്ഥിവൈകല്യമുള്ളവരും 15000 രൂപയിൽ കുറവ് വരുമാനവുമുള്ള വികലാംഗർക്കാണ് സൗജന്യ യാത്രാപാസ് നൽകുന്നത്. ഇവർക്ക് 70% യാത്രാകൂലിയിൽ ഇളവ് ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. അന്ധർ :- 100% രണ്ട് കണ്ണിനും അന്ധതയുള്ളവർക്ക് വരുമാന പരിധിയില്ലാതെ നൽകുന്ന യാത്രാ സൗജന്യ പാസ്. യാത്രയ്ക്ക് 100% ഇളവ് അനുവദിച്ചിരിക്കുന്നു.

3. ബധിര-മൂകർ :- 50% വൈകല്യമുള്ള ബധിര-മൂകരായവർക്ക് യാത്രാകൂലിയുടെ പകുതി നൽകി താമസ സ്ഥലത്തുനിന്നും 40 കി.മീറ്റർ ദൂരം യാത്ര ചെയ്യുന്നതിന് നൽകുന്ന പാസ്. വരുമാനപരിധി ഇല്ല.

4. ബുദ്ധിമാന്ദ്യമുള്ളവർ :- 50% ബുദ്ധിമാന്ദ്യമുള്ളവർക്ക് താമസ സ്ഥലത്തുനിന്നും 40 കി.മീറ്റർ ദൂരം യാത്ര ചെയ്യുന്നതിന് നൽകുന്ന പാസ്. യാത്രാകൂലിയിൽ പകുതി ഇളവ്. വരുമാനപരിധി ഇല്ല. കൂടെ പോകുന്ന ആളിനും പകുതി യാത്രാകൂലി നൽകിയാൽ മതിയാകും.

5. മുൻ ഗതാഗത വകുപ്പ് മന്ത്രിമാർ (ഗോൾഡൻ പാസ് എന്നറിയപ്പെടുന്നു)

6. എം.എൽ.എ.-മാർ, മുൻ എം.എൽ.എ.-മാർ, എം.പി.-മാർ ഇവർക്ക് (നിയമസഭ സെക്രട്ടേറിയറ്റ് നൽകുന്ന തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് യാത്ര അനുവദിച്ചിരിക്കുന്നു)

7. 70 വയസ്സുകഴിഞ്ഞ മുൻ.എം.എൽ.എ--മാരെ അനുഗമിക്കുന്ന ഒരാളിന്.

8. അക്രഡിറ്റേഷനുള്ള പത്രപ്രവർത്തകർ.

9. സ്വാതന്ത്ര്യസമര സേനാനികൾ, അവരുടെ വിധവകൾ.

10. ക്യാൻസർ രോഗികൾക്ക് ചികിത്സയ്ക്ക് പോയി വരുന്നതിനുമാത്രം നൽകുന്ന പാസ്.

11. കെ.എസ്.ആർ.ടി.സി. യുടെ SC&LA (സംസ്ഥാന തലത്തിൽ യാത്രകൾക്ക്), ജില്ലാതല വക്കീലൻമാർ (ജില്ലാതല യാത്രകൾക്ക്)

12. കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് അംഗങ്ങൾ.

13. കോംപ്ലിമെന്ററി പാസുകൾ (അർജ്ജുന, ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാരം നേടിയവർ, അംഗീകൃത തൊഴിലാളി സംഘടനകളുടെ ജനറൽ സെക്രട്ടറി, പ്രസിഡന്റ്, പി.സി.ആർ.എ. നിന്നുള്ള അദ്ധ്യാപകർ, ഏഷ്യാഡിലെ സ്വർണ്ണമെഡൽ ജേതാക്കൾ എന്നിവർക്ക്.

(ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) എല്ലാ ജീവനക്കാർക്കും ഓഫീസർമാർക്കും പാസ് നൽകിയിട്ടുള്ളതാണ്. ഔദ്യോഗിക വാഹനം ഔദ്യോഗിക യാത്രയ്ക്ക് മാത്രമേ ഉപയോഗിക്കുന്നുള്ളൂ.

(ഡി) ഡ്യൂട്ടിക്ക് വരുന്നതിനും മടക്കയാത്രയ്ക്കും സി.എം.ഡി. ഒഴികെയുള്ളവർ പാസഞ്ചർ വാഹനത്തെയാണ് ആശ്രയിക്കുന്നത്. ഔദ്യോഗിക യാത്രയ്ക്ക് പലപ്പോഴും പാസഞ്ചർ വാഹനത്തെ ആശ്രയിക്കുന്നത് ബുദ്ധിമുട്ടാണ്. എന്നാൽ ഔദ്യോഗിക വാഹനം അനാവശ്യമായി ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly